**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 952** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ഉന്നമനത്തിനായി എന്തെല്ലാം പ്രധാന വികസന പദ്ധതികളാണ് അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | **പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>1. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ പുല്ലുകാട് ഉന്നതിയിലേക്കുള്ള റോഡ് നിർമ്മാണത്തിന് 99.53 ലക്ഷം രൂപയും പാലം നിർമ്മാണത്തിന് 83.16 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.പദ്ധതി പുരോഗതിയിലാണ്.<br>2. പറമ്പിക്കുളം കരിയാർകുറ്റി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി ക്വാർട്ടേഴ്സ് നവീകരണം 6,39,288/-രൂപ ചെലവിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്.<br>3. സേഫ് ഭവന പദ്ധതി പ്രകാരം 2023-24 ൽ 45 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചതിൽ 13 പേർ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2024-25-ൽ 23 പേർക്ക് ഒന്നാം ഗഡു അനുവദി നൽകിയിട്ടുണ്ട്.<br>4. 4പേർക്ക് 4 ഏക്കർ വി.എഫ്.സി ഭൂമി ടി.ആർ.ഡി.എം പദ്ധതിയിൽ വിതരണം ചെയ്തിട്ടുണ്ട്.<br>5. നെന്മാറ മണ്ഡലത്തിൽ 2 സ്കൂളുകളിൽ വിദ്യാവാഹിനി പദ്ധതി നടപ്പിലാക്കുകയും 227 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭ്യമാക്കി വരികയും ചെയ്യുന്നു.<br>6. പ്രതിവർഷം ജൂൺ-ജൂലായ് മാസങ്ങളിലായി 2086 ഗുണഭോക്താക്കൾക്ക് ഭക്ഷ്യ സഹായ പദ്ധതിയിൽ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു വരുന്നുണ്ട്.<br>7. അനാഥരായ 6 കുട്ടികളുടെ സംരക്ഷണത്തിന് കൈത്താങ്ങ് പദ്ധതിയിൽ ധനസഹായം അനുവദിച്ചുവരുന്നുണ്ട്.<br>8. ജനനീ ജന്മരക്ഷ പദ്ധതിയിൽ 248 ഗർഭിണികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതി തുടർന്നുവരുന്നു.<br>9. 4325 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.<br>10. 2 പഠനമുറികളിലായി 41 കുട്ടികൾക്ക് ട്യൂഷൻ നൽകി വരുന്നുണ്ട്.<br>11. 8 മെന്റർ ടീച്ചർമാർ മുഖേന 8 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചുവരുന്നുണ്ട്.<br>12. നിർദ്ധനരായ 20 യുവതീയുവാക്കൾക്ക് വിവാഹ ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതി തുടർന്നുവരുന്നുണ്ട്.<br>13. 2022-23 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം അളകാപുരി ഉന്നതിയെ തിരഞ്ഞെടുത്ത് ഉത്തരവായിട്ടുണ്ട്. പദ്ധതി പുരോഗതിയിലാണ്.<br><br>**പട്ടികജാതി വികസന വകുപ്പ്** |

<table>
<tr>
<td></td>
<td></td>
<td></td>
<td>
ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി നടപ്പിലാക്കിയ പ്രധാന വികസന പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.
<table>
<tr><td>ക്രമ നം</td><td>പദ്ധതി</td><td>ഗുണഭോക്താക്കളുടെ എണ്ണം</td><td>തുക</td></tr>
<tr><td>1</td><td>പഠനമുറി</td><td>121</td><td>1,91,90,000</td></tr>
<tr><td>2.</td><td>ഭവന പുനരുദ്ധാരണം (സേഫ്)</td><td>95</td><td>1,45,20,000</td></tr>
<tr><td>3</td><td>ഭൂരഹിത പുനരധിവാസം</td><td>74</td><td>2,07,98,000</td></tr>
</table>
കോർപ്പസ് ഫണ്ട്:-- കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയ വണ്ടാഴി ഗ്രാമ പഞ്ചായത്ത് കൊരക്കാലി റോഡ് പദ്ധതിയുടെ ടെൻഡർ വിളിക്കുന്ന നടപടി ആയിട്ടുണ്ട്.
അംബേദ്കർ ഗ്രാമവികസന പദ്ധതി :- 3 പ്രൊജെക്ടുകൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
</td>
</tr>
<tr>
<td>(ബി)</td>
<td>ഈ പദ്ധതികളിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും ഇനി പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;</td>
<td>(ബി)</td>
<td>
പട്ടികവർഗ്ഗ വികസന വകുപ്പ്
നിർമ്മാണ പ്രവർത്തികൾ ഒഴികെ മറ്റ് എല്ലാ പദ്ധതികളും അതാത് വർഷങ്ങളിൽ പൂർത്തീകരിച്ചിട്ടുണ്ട്
പട്ടികജാതി വികസന വകുപ്പ്
അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട നഗറുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.
<ul>
<li>2021-22 വർഷം പല്ലശ്ശന ഗ്രാമ പഞ്ചായത്ത് കക്കാട്ടുകുന്ന് അംബേദ്കർ ഗ്രാമം പദ്ധതി പൂർത്തീകരിച്ചു.</li>
<li>2023-24 വർഷം അനുവദിച്ച എലവഞ്ചേരി ഗ്രാമ പഞ്ചായത്ത് ചേപ്പലോട് അംബേദ്കർ ഗ്രാമം പദ്ധതിയുടെ എസ്റ്റിമേറ്റ് ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.</li>
<li>2024-25 വർഷം അനുവദിച്ച പല്ലശ്ശന ഗ്രാമ പഞ്ചായത്ത് പല്ലാവൂർക്കാട് കരിമ്പാറത്തൊടി അംബേദ്കർ ഗ്രാമം പദ്ധതിയുടെ എസ്റ്റിമേറ്റ് ഏജൻസി ലഭ്യമാക്കിട്ടുണ്ട്.</li>
</ul>
കോർപ്പസ് ഫണ്ട് :- കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയ വണ്ടാഴി ഗ്രാമ
പഞ്ചായത്ത് കൊരക്കാലി റോഡ് പദ്ധതിയുടെ ടെൻഡർ നടപടി ആയിട്ടുണ്ട്.
</td>
</tr>
<tr>
<td>(സി)</td>
<td>ഈ പദ്ധതികൾ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?</td>
<td>(സി)</td>
<td>നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ